നം. സി.ഇ.ഇ/4848/2013/KEAM-2014/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

<u>പത്രക്കുറിപ്പ്</u>

# എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം 2014

2014-15 അക്കാഡമിക് വർഷത്തിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന കേരള എഞ്ചിനിയറിംഗ് / മെഡിക്കൽ പ്രവേശന പരീക്ഷ (KEAM 2014)യുടെ അടിസ്ഥാനത്തിലായിരിക്കും സംസ്ഥാനത്തെ എം.ബി.ബി.എസ് / ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ സ്വീകരിക്കുന്നത്. പ്രസ്തുത കോഴ്സുകളിലേയ്ക്ക് കേരളത്തിലെ വിവിധ മെഡിക്കൽ / ഡെന്റൽ കോളേജുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2014 ഏപ്രിൽ 23, 24 തീയതികളിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ നടത്താൻ നിശ്ചയിച്ചിട്ടുള്ള മെഡിക്കൽ പ്രവേശന പരീക്ഷയിൽ പങ്കെടുത്ത് നിശ്ചിത യോഗ്യതാ മാർക്ക് നേടി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടേണ്ടതാണ്. പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ വിജ്ഞാപനം യഥാസമയം പുറപ്പെടുവിക്കുന്നതാണ്.

തിരുവനന്തപുരം
05.11.2013

ജോയിന്റ് കമ്മീഷണർ (അക്കാഡമിക്)
**പ്രവേശന പരീക്ഷാ കമ്മീഷണർ (ഇൻ ചാർജ്)**